കൂടാതെ കോഴ്സുകൾ കാലോചിതമായി നവീകരിക്കുന്നതിന് ഒരു പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുണ്ട്.

(സി) സിലിബസ് പരിഷ്ക്കരിക്കുന്നത് കേന്ദ്ര തൊഴിൽ മന്ത്രാലയമാണ്. 1996 മുതൽ 2002 വരെ 34 എൻ.സി.വി.റ്റി. ട്രേഡുകൾ ഡി.ജി.ഇ.റ്റി. ന്യൂഡൽഹി പരിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്ലാന്റേഷൻ തൊഴിലാളികളും പാർപ്പിട സൗകര്യവും

126 [510] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര തേയില പ്ലാന്റേഷനുകളാണുള്ളതെന്നും അവ ഏതൊക്കെ ആണെന്നും ആരുടെയൊക്കെ ഉടമസ്ഥതയിലാണെന്നും അവ ഓരോന്നിന്റെയും വിസ്തീർണ്ണം എത്രയാണെന്നും ഓരോന്നിലും എത്ര തൊഴിലാളികളും മാനേജീരിയൽ ജീവനക്കാരുമുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്ലാന്റേഷനുകളിൽ ഏതെല്ലാം ഏത് തീയതി മുതൽ ലോക്കൗട്ട് ചെയ്തിരിക്കുകയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്ലാന്റേഷൻ തൊഴിലാളികൾക്ക് പാർപ്പിടങ്ങൾ നൽകിയിട്ടുള്ള എത്ര പ്ലാന്റേഷനുകൾ ഉണ്ടെന്നും, പ്രസ്തുത പാർപ്പിടങ്ങളിൽ വൈദ്യുതി ബന്ധമുള്ളവ എത്രയെണ്ണമാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 74 തേയില പ്ലാന്റേഷനുകളാണ് ഉള്ളത്. വിശദവിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.† മാനേജീരിയൽ ജീവനക്കാരുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പ്ലാന്റേഷനുകൾ ലോക്കൗട്ട് ചെയ്ത തീയതി അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.†

(സി) 309 പ്ലാന്റേഷനുകളിൽ തൊഴിലാളികൾക്ക് പാർപ്പിടങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത പാർപ്പിടങ്ങളിൽ വൈദ്യുതി ബന്ധമുള്ള 26365 ലയങ്ങളുണ്ട്.

തോട്ടം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

127 [511] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര തോട്ടങ്ങളാണ് പൂട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ ഓരോന്നും എന്നു മുതലാണ് പൂട്ടിയതെന്നും, എത്ര തൊഴിലാളികൾ വീതമാണ് ഓരോന്നിലും പ്രവർത്തിച്ചിരുന്നതെന്നും വെളിപ്പെടുത്താമോ;

(സി) കഴിഞ്ഞ മുന്നര വർഷത്തിനുള്ളിൽ തോട്ടം തൊഴിലാളികൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 37 തോട്ടങ്ങൾ ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്.

(ബി) തോട്ടങ്ങൾ ഏതു തീയതി മുതൽ പൂട്ടി എന്നു കാണിക്കുന്ന ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.† ദുരിതം അനുഭവിക്കുന്ന തോട്ടം തൊഴിലാളികൾക്ക് ആനുകൂല്യങ്ങളും ആശ്വാസവും നൽകുന്നതിനായി ഇടുക്കി ജില്ലാ കളക്ടർ കൺവീനറായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് രൂപീകരിച്ചു. ആവശ്യമായ പണവും നൽകിയിട്ടുണ്ട്.

(സി) കഴിഞ്ഞ മുന്നര വർഷത്തിനുള്ളിൽ പ്രവർത്തന രഹിതമായിട്ടുള്ള തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ഫണ്ട് ഉപയോഗിച്ച് സൗജന്യ റേഷൻ നൽകിവരുന്നു. ഒരു തൊഴിലാളി കുടുംബത്തിന് ആഴ്ചയിൽ 5 കിലോ അരി വീതമാണ് നൽകുന്നത്. കൂടാതെ ജോലിക്ക് ഭക്ഷണം പദ്ധതി പ്രകാരവും അരി വിതരണം നടത്തിവരുന്നു. തോട്ടം തൊഴിലാളികളുടെ 10-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നു. സ്കൂൾ കുട്ടികൾക്ക് രണ്ടു ജോഡി യൂണിഫോം, പുസ്തകങ്ങൾ, നോട്ട് ബുക്ക്, സ്കൂൾ ബാഗ്, കുട എന്നിവ നൽകി. സൗജന്യ റേഷൻ ലഭിക്കുന്ന തോട്ടം തൊഴിലാളികൾക്ക് 500 രൂപാ വീതം ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ അനുവദിച്ച് നൽകിയിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ ചികിൽസയ്ക്ക് ആവശ്യമായ മരുന്നും മറ്റ് സൗകര്യങ്ങളും പ്രത്യേകമായി നൽകിവരുന്നു. ഇവർക്കായി മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതോടൊപ്പം ലാബറട്ടറി സൗകര്യങ്ങളുള്ള മൊബൈൽ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു. ഇതിനകം 250-ൽ പരം മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. പല തോട്ടങ്ങളിലേയും അടഞ്ഞുകിടക്കുന്ന ആശുപത്രികൾ സർക്കാർ ഏറ്റെടുത്തു നടത്തിവരുന്നു. ലേബർ വെൽഫെയർ ഫണ്ട് ബോണസ് മുഖേനയുള്ള എല്ലാ ആനുകൂല്യങ്ങളും കൊടുത്തതുകൂടാതെ 2003-04-ൽ രണ്ടു ലക്ഷം രൂപയുടെ അധിക ആനുകൂല്യങ്ങൾ ബോർഡ് വഹിച്ചിട്ടുണ്ട്.

കുടിവെള്ളം നൽകുന്നതിന് വീഴ്ച വരാതിരിക്കുവാൻ വാട്ടർ അതോറിറ്റിക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ ജലസ്രോതസ്സുകൾ കണ്ടെത്തി അവ വൃത്തിയാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ലയങ്ങളിലും കാർഷികാവശ്യങ്ങൾക്കും പ്രത്യേക കണക്ഷനും മീറ്ററും നൽകുവാൻ വൈദ്യുതി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേനയും വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി 5 കോടി രൂപാ അനുവദിച്ചിരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly